ആക്ടിവിസ്റ്റ് മീഡിയ
എന്തായിരിക്കണമെന്ന് ചലച്ചിത്ര
ജീവിതത്തിലെ അനുഭവങ്ങളുടെ
പശ്ചാത്തലത്തിൽ ഡോക്യുമെന്ററി
ചലച്ചിത്രകാരൻ **പി. ബാബുരാജ്**
സംസാരിക്കുന്നു

# മീഡിയ ആക്ടിവിസം ഒരു രാഷ്ട്രീയ പ്രവർത്തനമാണ്

**ജനകീയ സമരങ്ങൾക്ക് ദൃശ്യമാധ്യമത്തിൽ ഇടം നൽകിയതിന്റെ തുടക്കക്കാരിൽ ഒരാൾ എന്ന നിലയിൽ ഇന്നത്തെ മാറിയ സാമൂഹിക / മാധ്യമ സാഹചര്യത്തിൽ ഇത്തരം ഡോക്യുമെന്ററികളെ എങ്ങിനെയാണ് നോക്കിക്കാണുന്നത്?**


ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ ഞങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ട് മൂന്ന് പതിറ്റാണ്ട്, നിരവധി വർഷങ്ങൾ കഴിഞ്ഞു. ആ രീതിയിൽ നിന്നും വ്യത്യസ്തമായ ചില ഡോക്യുമെന്ററികൾ ചെയ്യണമെന്ന ആലോചനയിലാണ് ഞാനിപ്പോൾ. ജനകീയ കൂട്ടായ്മയിലൂടെ ചരിത്രത്തിൽ ഗുണപരമായ മാറ്റം വരുത്താൻ കഴിയും എന്ന മാർക്സിസ്റ്റ് വീക്ഷണത്തിൽ നിന്നുമാണ് ജനകീയ സമരങ്ങളിലേക്ക് ഞാൻ അടുക്കുന്നതും ഡോക്യുമെന്ററികൾ എടുക്കുന്നതും. എന്നാൽ വ്യക്തികൾക്ക് അവരുടേതായ രീതിയിലുള്ള ഇടപെടലുകൾ സമൂഹത്തിൽ എങ്ങിനെ നടത്താൻ കഴിയും എന്ന് ചർച്ച ചെയ്യുന്ന സിനികളിലേക്ക് തിരിയാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. പല സമരങ്ങളുടെയും ഭാഗമായി എൺപതുകളിലുണ്ടായ വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ ഏതെല്ലാം തരത്തിലാണ് വ്യക്തികളെ സ്വാധീനിച്ചതെന്ന് അറിയാനുള്ള ശ്രമം ഡോക്യുമെന്ററിയിലൂടെ നടത്തേണ്ടിയിരിക്കുന്നു.

**ശരത്ചന്ദ്രനോടൊപ്പം ചാലിയാറിനെക്കുറിച്ച് വീണ്ടും ഒരു ഡോക്യുമെന്ററി നിർമ്മിക്കാനുള്ള പദ്ധതിയുണ്ടായിരുന്നല്ലോ? ചാലിയാറിലേക്കുള്ള മടക്കയാത്രകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

മാവൂർ റയോൺസിനെതിരെ നടന്ന സമരത്തെക്കുറിച്ച് ബാക്കിപത്രം എന്ന ഡോക്യുമെന്ററി നിർമ്മിക്കുന്ന കാലത്തുണ്ടായ എന്റെയും ശരത്തിന്റെയും അനുഭവങ്ങളിലേക്കുള്ള തിരിഞ്ഞു നടത്തമാണ് പുറകോട്ടൊഴുകുന്ന നദി

തയ്യാറാക്കിയത്:
ശരത്/ റോബിൻ

എന്ന ചാലിയാറിനെക്കുറിച്ചുള്ള പുതിയ ഡോക്യുമെന്ററിയിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ന് പഴയ ഡോക്യുമെന്ററി കാണുമ്പോൾ അപൂർണ്ണമാണ് എന്നൊരു തോന്നൽ മനസ്സിൽ ഉണ്ടാകുന്നുണ്ട്. ഒരുപാട് കയറ്റിറങ്ങളിലൂടെ കടന്നുപോയ ഒരു സമരമായിരുന്നു അത്. അതുകൊണ്ടുതന്നെ പലതും ഞങ്ങളുടെ ഡോക്യുമെന്ററിയോട് ഇനിയും കൂട്ടിച്ചേർക്കേണ്ടതുണ്ട്.




**ശരത്തിനോടൊപ്പം പൂർത്തിയാക്കണമെന്ന് ആഗ്രഹിച്ചിരുന്ന മറ്റ് ഡോക്യുമെന്ററികൾ?**

മലയാളികളുടെ ഭക്ഷണ സംസ്കാരത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയും ആദിവാസി ഭൂമിപ്രശ്നത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയും ഇന്ത്യയിലെ ആക്ടിവിസ്റ്റ് ഡോക്യുമെന്ററി സംവിധായകരെക്കുറിച്ചുള്ള ഡോക്യുമെന്ററിയുമാണ് ഞങ്ങൾ ഒരുമിച്ച് ചെയ്യണമെന്ന് ആഗ്രഹിച്ച് പൂർത്തിയാകാതെ പോയ മറ്റ് ഡോക്യുമെന്ററികൾ.

**ജനകീയ ഡോക്യുമെന്ററി പ്രവർത്തനത്തിലെ ശരത്തിന്റെ അസാന്നിദ്ധ്യം എങ്ങിനെ വിലയിരുത്തുന്നു? അത് നികത്തേണ്ടത് എങ്ങിനെയാണ്?**

ഞാൻ ശരത്തിനെ പരിചയപ്പെടുന്നത് ഡോക്യുമെന്ററിയുമായി ബന്ധ പ്പെട്ടല്ല, സൈലന്റ്‌വാലി സമരവുമായി ബന്ധപ്പെട്ടാണ്. ഡോക്യുമെന്ററിയിലേക്ക് പിന്നീടാണ് ഞങ്ങൾ പ്രവേശിക്കുന്നത്. ഡോക്യുമെന്ററിപോലെയുള്ള ഒരു ദൃശ്യമാധ്യമത്തെ ആക്ടിവിസത്തിനായി എങ്ങിനെ ഉപയോഗിക്കാം എന്നതിന് നല്ല മാതൃകയായിരുന്നു ശരത്. ഡോക്യുമെന്ററി എന്ന മാധ്യമത്തെ കേരളത്തിലെ ജനകീയ സമരപ്രവർത്തനങ്ങളുടെ ഒരു അവശ്യഘടകമാക്കിത്തീർക്കാൻ ശരത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ശരത്തിനെപ്പോലെയുള്ള ഡോക്യുമെന്ററി നിർമ്മാതാക്കളെ കൂടുതലായി എങ്ങിനെ സൃഷ്ടിക്കാം എന്ന ആലോചനയാണ് ശരത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനായി നാം ചെയ്യേണ്ടത്. കാരണം പ്രതിരോധത്തിനായുള്ള ഇത്തരം മാധ്യമങ്ങളുടെ ആവശ്യം വളരെ കൂടുതലായി വരുന്ന സാമൂഹിക സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. സൈലന്റ്‌വാലി സമരം, പൂയംകുട്ടിക്കെതിരെയുള്ള ക്യാമ്പയിൻ, പെരിങ്ങോം ആണവ നിലയത്തിനെതിരെയുള്ള സമരം, മാവൂർ സമരം തുടങ്ങിയ സമരങ്ങളെല്ലാം വിജയം നേടിയവയായിരുന്നു. എന്നാൽ അവ വിജയിക്കാൻ കാരണമായ സാഹചര്യം ഇന്ന് കേരളത്തിലില്ല. ഒരുകാലത്ത് നമ്മൾ പ്രതീക്ഷയർപ്പിച്ചിരുന്ന മുഖ്യധാരാ ഇടതുപക്ഷം ഇന്ന് വലതു പക്ഷത്തേക്ക് മാറിയതോടെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയാണ്.

**ആക്ടിവിസ്റ്റ് മാധ്യമങ്ങളുടെ സാമൂഹിക ധർമ്മം എങ്ങിനെ നിർവ്വചിക്കാം?**

ആക്ടിവിസ്റ്റ് മാധ്യമങ്ങളെക്കുറിച്ചുള്ള എന്റെ വിലയിരുത്തൽ ഞങ്ങളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ പറയാം.

ഡോ. സതീഷ് ചന്ദ്രനും ശാന്തിയുമൊത്തുള്ള സംഭാഷണങ്ങളിലൂടെയാണ് നവസാമൂഹിക പ്രസ്ഥാനങ്ങളുമായും പരിസ്ഥിതിയുടെയും രാഷ്ട്രീയവുമായും ഞാൻ അടുക്കുന്നത്. കെ.പി. ശശിയാണ് എന്നേയും ശരത്തിനേയും ഡോക്യുമെന്ററി ആക്ടിവിസത്തിലേക്ക് അടുപ്പിക്കുന്നത്. ടെലിവിഷൻ ജേർണലിസം പോലും പ്രബലമല്ലാതിരുന്ന കാലമായിരുന്നു അത്. 1983ൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയാണ് ഞങ്ങൾ ആദ്യം ചെയ്യുന്നത്. ഡൽഹിയിൽ നിന്നും വിമാനത്തിൽ ക്യാമറ വരുത്തിയാണ് അന്ന് ഞങ്ങൾ ഷൂട്ട് ചെയ്യുന്നത്. ആ ഡോക്യുമെന്ററിയോടെയാണ് ഞങ്ങൾ ഈ രംഗത്ത് സജീവമാകുന്നത്. ഡോക്യുമെന്ററി നിർമ്മാണത്തോടൊപ്പം കേരളത്തിലെമ്പാടും നടന്ന് ശരത് ഡോക്യുമെന്ററി കാണിക്കുകയും ചെയ്തിരുന്നു. ശരത്തിനേക്കാൾ മുമ്പ് സതീഷും അത്തരമൊരു ശ്രമത്തിന് തുടക്കമിട്ടിരുന്നു. സാങ്കേതികവിദ്യ വികസിക്കുകയും ദൃശ്യമാധ്യ രംഗത്ത് ഏഷ്യാനെറ്റ് കടന്നുവരുകയും ചെയ്തതിന് ശേഷമാണ് ഞങ്ങൾ പ്രതിനിധീകരിച്ചിരുന്ന വിഷയങ്ങൾ പലതും ദൃശ്യമാധ്യമത്തിലും എത്തിത്തുടങ്ങിയത്. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ടീം ആദ്യകാലത്ത് ഏഷ്യാനെറ്റിനുണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ പറഞ്ഞിരുന്ന പല വിഷയങ്ങളും അവർ ഏറ്റെടുത്തു. ഞങ്ങൾ പ്രവർത്തിച്ച് തുടങ്ങിയ കാലത്ത് അതായിരുന്നില്ല സ്ഥിതി. ഡോക്യുമെന്ററികൾ കാണിക്കേണ്ടത് ഒരു ആവശ്യമായിരുന്നു. എന്നാൽ ദൃശ്യമാധ്യമങ്ങൾ ആ ഇടം ഏറ്റെടുത്തതോടെ ഡോക്യുമെന്ററികൾ നടന്ന് കാണിക്കുക എന്ന സ്ഥിതിക്ക് മാറ്റം വന്നു.

അതേസമയം ഇവന്റ് ജേർണലിസമാണ് കൂടുതൽ നടക്കുന്നത് എന്ന ദോഷവും ചാനലുകൾക്കുണ്ട്. ശശികുമാർ പറഞ്ഞതുപോലെ പ്രോസസ് ജേർണലിസമാണ് നടക്കേണ്ടത്. ഒരു പ്രശ്നത്തോടൊപ്പം അതിന്റെ എല്ലാ ഘട്ടങ്ങളിലും നിൽക്കാനും അതിനെ പിന്തുടരാനും മുഖ്യധാരാ മാധ്യമങ്ങൾക്ക് കഴിയാറില്ല. ഒന്നോ രണ്ടോ ദിവസം മാത്രമാണ് ഏത് വാർത്തയുടെയും ആയുസ്സ്. ആക്ടിവിസ്റ്റ് മീഡിയയുടെ പ്രാധാന്യം അവിടെയാണ് വരുന്നത്. അവർക്ക് സമരത്തിന്റെയും പ്രശ്നത്തിന്റെയും ഒപ്പം നിൽക്കേണ്ടിവരും. ഒരു ഡോക്യുമെന്ററിയിലൂടെ ആക്ടിവിസ്റ്റ് മാധ്യമത്തിന്റെ ദൗത്യം പൂർത്തിയാകണമെന്നില്ല. സമരത്തിന്റെ സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് വീണ്ടും ഡോക്യുമെന്ററികൾ എടുക്കേണ്ടിവരും. പ്ലാച്ചിമടയെക്കുറിച്ച് ഞങ്ങൾക്ക് രണ്ട് ഡോക്യുമെന്ററികൾ ചെയ്യേണ്ടിവന്നു. സമരം തുടരുകയാണ്, പക്ഷെ സിനിമ തീർക്കേ

ണ്ടതുണ്ട് എന്ന് പറഞ്ഞാണ് ആയിരം ദിവസങ്ങളും ഒരു സ്വപ്നവും എന്ന പ്ലാച്ചിമട സമരത്തെക്കുറിച്ചുള്ള രണ്ടാമത്തെ ഡോക്യുമെന്ററിയുടെ നറേഷൻ നിർത്തുന്നത്. 2006 ലാണ് ആ സിനിമ പൂർത്തിയാകുന്നത്. പക്ഷെ പ്ലാച്ചിമട സമരം ഇപ്പോഴും തുടരുകയാണ്. 2006ലെ സ്ഥിതിയല്ല 2010ൽ. ഭോപ്പാലിനെയും നർമ്മദയേയും കുറിച്ച് പത്തോളം ഡോക്യുമെന്ററികൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാം കാണുമ്പോൾ മാത്രമാണ് സമരത്തെക്കുറിച്ചുള്ള വ്യക്തമായ ചിത്രം നമുക്ക് കിട്ടുന്നത്.

എൺപതുകളുടെ അവസാനം ഞങ്ങൾ സ്ഥിരമായി ഡോക്യുമെന്ററി കാണിക്കുന്ന 125 സ്ഥലങ്ങൾ കേരളത്തിലുണ്ടായിരുന്നു. ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റത്തോടെ പതിയെ അവയെല്ലാം ഇല്ലാതെയായി. ആക്ടിവിസ്റ്റ് മീഡിയ പ്രവർത്തിക്കുന്ന ഇടം അതോടെ ചുരുങ്ങി. ഒരേ വിഷയത്തിൽ ഇടപെടുന്നവർ അവരുടേതായ ചെറിയ ഇടങ്ങളിൽ നിന്ന് പരസ്പരം സംസാരിക്കുകയാണിപ്പോൾ നടക്കുന്നത്. മുഖ്യധാരാ മാധ്യമങ്ങൾക്കുള്ള ഇടം വീടുകളുടെ ഡ്രോയിംഗ് റൂമാണ്. ആ ഇടത്തിലേക്ക് നമ്മൾ എത്തിച്ചേരേണ്ടതുണ്ടോ? കേരളത്തിലെ മിക്ക വീടുകളുടെയും ഡ്രോയിംഗ് റൂമുകളിൽ കേരളീയം മാസിക എത്തിയാൽ സന്തോഷിക്കണോ അതോ മനോരമ പോലെയായോ എന്നോർത്ത് ദു:ഖിക്കണോ എന്നതിനെക്കുറിച്ച് നമുക്ക് വ്യക്തത വേണം. മുഖ്യധാരയുടെ ഇടത്തിലേക്ക് എത്താനുള്ള ശ്രമത്തിനിടയിൽ നമ്മൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ സാന്ദ്രത നഷ്ടമാകാനിടയുണ്ട് എന്നാണ് ഞാൻ കരുതുന്നത്. ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെ ആത്മകഥയിൽ, കൊളംബിയയിലെ ഒരു പത്രത്തിൽ ജോലി ചെയ്യുമ്പോൾ എഡിറ്റർ അദ്ദേഹത്തോട് പറഞ്ഞ ഒരു വാചകം പറയുന്നുണ്ട്. "നാടകീയമായ പൊതുസത്യമാണ് വിരസമായ വിശദാംശങ്ങളേക്കാൾ പലപ്പോഴും ഫലപ്രദമാകുന്നത്". എഡിറ്റർ മാർകേസിനോട് പറഞ്ഞ ആ തത്വത്തിലാണ് മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും പ്രവർത്തിക്കുന്നത്.

To inform, to inspire and to initiate എന്നതായിരിക്കണം ആക്ടിവിസ്റ്റ് മീഡിയയുടെ ധർമ്മമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വിവരങ്ങൾ പൊതുസമൂഹത്തെ അറിയിക്കുന്ന ഒരു മാധ്യമമായി വർത്തിക്കുക എന്നതിലുപരി ഇത്തരം ഇടപെടലുകൾക്കായി പൊതുസമൂഹത്തെ ഉത്തേജിപ്പിക്കുക എന്നതുകൂടിയാണ് ആക്ടിവിസ്റ്റ് മാധ്യമത്തിന്റെ ധർമ്മം. അതൊരു രാഷ്ട്രീയ പ്രവർത്തനമാണ്.

### നവസാമൂഹിക പ്രസ്ഥാനങ്ങളുടെ ഭാവി?

നവസാമൂഹിക പ്രസ്ഥാനങ്ങളെയും ജനകീയ സമരങ്ങളേയും കൂടി പരിഗണിച്ചശേഷമാണ് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയത്തിന്റെ അജണ്ട ഇന്ന് രാഷ്ട്രീയ കക്ഷികൾ തീരുമാനിക്കുന്നത് . എൺപതുകളിൽ നിന്നും സ്ഥിതി വളരെയേറെ മുന്നോട്ട് പോയി. ഇടതുപക്ഷം വരെ പരിസ്ഥിതിയും സ്ത്രീയും ആദിവസിയുമെല്ലാം ഒരു രാഷ്ട്രീയ വിഷയമായി അംഗീകരിച്ചു കഴിഞ്ഞു. പക്ഷെ പരിഹാരങ്ങൾ പലപ്പോഴും നിലവിലുള്ള നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ ഉള്ളിലായതിനാൽ അതിൽ നവസാമൂഹിക പ്രസ്ഥാനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള അവ്യക്തത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ജനാധിപത്യത്തിനുള്ളിൽ ഇടപെടാനായി ജനകീയ സമരസ്ഥലങ്ങളിൽ നിന്നുള്ള സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചപ്പോഴെല്ലാം പരാജയമായിരുന്നു ഫലം. ആ പരിമിതി തിരിച്ചറിഞ്ഞുകൊണ്ടു വേണം നവസാമൂഹിക പ്രസ്ഥാനങ്ങൾ ഇനി ജനാധിപത്യത്തിൽ ഇടപെടേണ്ടത്.

### ശരത്ചന്ദ്രൻ തുടങ്ങിവച്ച് ബാബുരാജും സുഹൃത്തുക്കളും പൂർത്തിയാക്കിയ കാതിക്കുടം സമരത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയിൽ സോളിഡാരിറ്റ് അമിത പ്രാധാന്യം ലഭിച്ചു എന്ന വിമർശനത്തെ എങ്ങിനെ നോക്കിക്കാണുന്നു?

ശരത്ചന്ദ്രൻ തുടങ്ങിവച്ച് ഞങ്ങൾ പൂർത്തിയാക്കിയ 'വരാനിരിക്കുന്ന വസന്തം' എന്ന ഡോക്യുമെന്ററിയിൽ സോളിഡാരിറ്റിയുടെ സാന്നിധ്യം മന:പൂർവ്വം കൊണ്ടുവന്നിട്ടില്ല. ഡോക്യുമെന്ററി മോശമാണെന്ന് ഞാൻ കരുതുന്നില്ല. സോളിഡാരിറ്റിക്ക് അമിതപ്രാധാന്യം കിട്ടി എന്ന വിമർശനം വന്നപ്പോൾ തന്നെ അത് കുറയ്ക്കാമെന്ന് ഞാൻ ഉറപ്പ് പറഞ്ഞിട്ടുമുണ്ട്. അത് മാറ്റിയതിന് ശേഷം മാത്രമേ ഡോക്യുമെന്ററി ഇനി വിതരണം ചെയ്യാൻ പാടുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്. ജനശ്രദ്ധയാകർഷിച്ചു വരുന്ന ഒരു സമരത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ വരാനിരിക്കുന്ന വസന്തത്തിന് കഴിഞ്ഞു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സോളിഡാരിറ്റി നിർമ്മിച്ച് ഡോക്യുമെന്ററി പൂർത്തിയാക്കാമെന്ന തീരുമാനമെടുത്തത് ഞാനല്ല. കാതിക്കുടം സമരസമിതി ഡോക്യുമെന്ററി പൂർത്തിയാക്കണമെന്ന ആവശ്യവുമായി എന്നെ നേരിട്ട് സമീപിച്ചിരുന്നെങ്കിൽ സോളിഡാരിറ്റിയുടെ സഹായം തേടാതെ മറ്റ് വഴികൾ അന്വേഷിക്കാമായിരുന്നു. എന്നാൽ ഡോക്യമെന്ററി പൂർത്തിയാക്കാനായി എന്നെ സമീപിച്ചത് സോളിഡാരിറ്റിയാണ്. മാത്രമല്ല, കാതിക്കുടം ഡോക്യുമെന്ററി ശരത് ചെയ്യുമ്പോൾ ഞാൻ അതിൽ ഇടപെട്ടിരുന്നില്ല. ചാലിയാറിനെയും മാവൂർ വിഷയത്തേയും കുറിച്ച് 10 വർഷങ്ങൾക്ക് ശേഷം വീണ്ടുമൊരു ഡോക്യുമെന്ററി ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിലായിരുന്നു അന്ന് ഞാൻ. ശരത്തിന്റെ ഒരു ഡോക്യുമെന്ററി അപൂർണ്ണമായി കിടക്കാൻ പാടില്ല എന്ന വ്യക്തിപരമായ ആഗ്രഹത്തിന്റെ പുറത്താണ് ഞാൻ ഈ ഡോക്യുമെന്ററിയിൽ ഇടപെടുന്നത്.

ഉന്നയിക്കപ്പെടേണ്ട ചോദ്യം അതല്ല. സോളിഡാരിറ്റിയെ ഒറ്റപ്പെടുത്തണോ, അതോ ജനാധിപത്യപരമായ പൊതുഇടങ്ങളിലേക്ക് അവരെ കൊണ്ടുവരേണ്ടതുണ്ടോ എന്നതാണ്. സോളിഡാരിറ്റി പങ്കെടുക്കുന്ന വേദിയിൽ ഞങ്ങൾ വരില്ല എന്നെല്ലാം പറയുന്ന നിലപാട് അബദ്ധമാണെന്നാണ് എന്റെ അഭിപ്രായം. കേരള സമൂഹത്തിൽ സോളിഡാരിറ്റി ഇടപെടാൻ ശ്രമിക്കുന്ന സ്ഥലം വളരെ സെക്കുലറാണ്. അതുകൊണ്ടാണ് സോളിഡാരിറ്റിയുടെ സാന്നിധ്യം പലസ്ഥലങ്ങളിലും കൂടുതൽ ദൃശ്യമാകുന്നത്.

*ഹരിത, മൈത്രിനഗർ, വലിയവിള,*
*തിരുമല പി.ഒ, തിരുവനന്തപുരം*